# വിശ്വാസ് ഇന്ത്യ കോട്ടയത്തേക്ക്

കോട്ടയം ● വീടുകളിലെ പീഡനങ്ങൾക്ക് ഇരകളാകുന്ന സ്ത്രീകളുടെയും കുട്ടികളുടെയും സംരക്ഷണത്തിനും സഹായത്തിനും കൗൺസലിങ്ങിനുമായി പ്രവർത്തിക്കുന്ന വിശ്വാസ് ഇന്ത്യ (വിക്ടിംസ് ഇൻഫർമേഷൻ സെൻസിറ്റൈസേഷൻ വെൽഫെയർ അസിസ്റ്റൻസ് സൊസൈറ്റി) ജില്ലയിലും പ്രവർത്തനമാരംഭിക്കുന്നു.

നീതിനിഷേധങ്ങൾ, സ്ത്രീകൾക്കും കുട്ടികൾക്കുമെതിരെ ലൈംഗിക അതിക്രമങ്ങൾ, ഗാർഹിക പീഡനങ്ങൾ, സാമ്പത്തിക തട്ടിപ്പുകൾ എന്നിവ അനുഭവിക്കുന്നവർക്കു പിന്തുണയും സഹായവും നൽകുകയാണ് ലക്ഷ്യം. പൊലീസിലും മറ്റും പരാതിപ്പെടാനും സഹായം നൽകും. 28ന് 2.30ന് കലക്ടറേറ്റിലെ വിപഞ്ചിക ഹാളിൽ മന്ത്രി വി.എൻ.വാസവൻ ഉദ്ഘാടനം ചെയ്യും. കലക്ടർ വി.വിഘ്നേശ്വരി അധ്യക്ഷത വഹിക്കും. ഫോൺ: 9447132132.